**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2636** **09.05.2017 ൽ മറുപടിയ്ക്ക്**

**പെസ്റ്റിസൈഡ്സ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബുകൾ അനലറ്റിക്കൽ ലാബുകൾ എന്നിവയുടെ പ്രവർത്തന ഏകോപനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. ഐ.ബി. സതീഷ് | ശ്രീ. വി.എസ് സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) |
| (എ) പഴം, പച്ചക്കറി എന്നിവയിലെ കീടനാശിനികളുടെ അളവ് പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് എവിടെയെല്ലാം പെസ്റ്റിസൈഡ്സ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), കുമരകം നെല്ല് ഗവേഷണ കേന്ദ്രം (കോട്ടയം), വെള്ളാനിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നിവിടങ്ങളിൽ കീടനാശിനി അവശിഷ്ട പരിശോധനാ ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത ലാബുകളുടെ ശേഷി സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസൃതമായി വർദ്ധിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) ഭക്ഷ്യവസ്തുക്കളിലേയും പച്ചക്കറികളിലേയും അവശിഷ്ട വിഷാംശ പരിശോധനയ്ക്കായി സംസ്ഥാനമാകെ ഉൾക്കൊള്ളുന്ന വിധത്തിൽ പുതുതായി മധ്യകേരളത്തിലും ഉത്തരകേരളത്തിലും ലാബുകൾ ആരംഭിച്ചു. ആയത് വിപുലീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) കാർഷികസർവ്വകലാശാലയുടെയും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെയും അനലറ്റിക്കൽ ലാബുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതു മുഖേന ഇത്തരം പരിശോധനകൾ കൂടുതൽ ഫലപ്രദമാകുമെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള സംയുക്ത സംരംഭത്തിനായി നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. ഇത്തരത്തിലുള്ള സംയുക്ത സംരംഭത്തിനായി നടപടി സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**